# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമം.

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സർക്കാർ കോളേജ് – ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക – സ്ഥലം മാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: എ3/20973/2016/കോ.വി.വ, തീയതി :19.11.2016

---

പരാമർശം :- ഗവണ്മെന്റ് കോളേജ് തൃപ്പൂണിത്തുറ പ്രിൻസിപ്പാളിന്റെ കത്ത് നമ്പർ ബി1/30/2016 തീയതി.12.08.2016

## ഉത്തരവ്

തൃപ്പൂണിത്തുറ ഗവണ്മെന്റ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക ശ്രീമതി.രോഹിണി നായർ തനിക്ക് compassionate ground-ൽ ഹോം സ്റ്റേഷനായ എറണാകുളം മഹാരാജാസ് കോളേജിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്ന് മേൽ പരാമർശ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. എറണാകുളം മഹാരാജാസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.നിഷ.കെ.സി ഓർഡർ നം.ബി1-275/2016 തീയതി.15.10.2016 –പ്രിൻസിപ്പാളിന്റെ ഉത്തരവ് പ്രകാരം 27.09.2016 മുതൽ 25.03.2017 വരെ maternity leave-ൽ പ്രവേശിച്ചതായി പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എറണാകുളം മഹാരാജാസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക ശ്രീമതി.നിഷ.കെ.സിയുടെ ലീൻ ഗവണ്മെന്റ് കോളേജ് തൃപ്പൂണിത്തുറ-യിലേയ്ക്ക് താത്ക്കാലികമായി മാറ്റിയും, മാനുഷിക പരിഗണന മുൻ നിർത്തി, പ്രസ്തുത ഒഴിവിലേയ്ക്ക് ശ്രീമതി.രോഹിണി നായരെ സ്ഥലം മാറ്റി നൽകിയും ഉത്തരവാകുന്നു. സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപിക സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ പത്ത് ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ജോലിയിൽ പ്രവേശിച്ചതും റിലീവ് ചെയ്തതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപികയ്ക്ക് ജോയിനിംഗ് ടൈമിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ശ്രീമതി.രോഹിണി നായർ ജോലിയിൽ പ്രവേശിക്കുമ്പോൾ അവരുടെ പക്കൽ നിന്ന് 05.05.2015-ലെ ജി.ഒ(എം.എസ്)നം.157/2015/ ഉ.വി.വ നമ്പർ ഉത്തരവു പ്രകാരമുള്ള സമ്മതപത്രം വാങ്ങേണ്ടതും ആയത് ആർ.റ്റി.സിയോടൊപ്പം ഈ ഓഫീസിൽ അയച്ചു തരേണ്ടതുമാണ്.

0783494 GOVERNMENT OF KERALA 2015-16

പ്രസവാവധിയിൽ തുടരുന്ന എറണാകുളം മഹാരാജാസ് കോളേജിലെ ശ്രീമതി.നിഷ.കെ.സിയുടെ ആർ.റ്റി.സി അക്കൌണ്ടന്റ് ജനറലിന് നേരിട്ടയച്ച് ശമ്പളം ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലീൻ മാറ്റപ്പെട്ട ശ്രീമതി.നിഷ.കെ.സി maternity leave കഴിഞ്ഞ് ജോലിയിൽ തിരികെ പ്രവേശിക്കുന്ന സമയം ടിയാളുടെ ട്രാൻസ്ഫർ പുന:പരിഗണിക്കുന്നതുമാണ്.

ഒപ്പ്/-
പി.ഐ.ഷെയ്ക്ക് പരീത്, ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

1. പ്രിൻസിപ്പാൾ, മഹാരാജാസ് കോളേജ്, എറണാകുളം
2. പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ്, തൃപ്പൂണിത്തുറ
3. അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, ബ്രാഞ്ച് ഓഫീസ്, കോട്ടയം.
   [പ്രസവാവധിയിൽ തുടരുന്ന ശ്രീമതി.നിഷ.കെ.സിയുടെ ലാവണം (ലീൻ) തൃപ്പൂണിത്തുറ സർക്കാർ കോളേജിലേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും ആർ.റ്റി.സി ലഭിക്കുന്ന മുറയ്ക്ക് അവർക്ക് അർഹതപ്പെട്ട ശമ്പളം ലഭിക്കുന്നതിനായുള്ള പേ സ്ലിപ്പ് തൃപ്പൂണിത്തുറ കോളേജിൽ ലഭ്യമാക്കേണ്ടതാണ്.]
4. കരുതൽ ഫയൽ / ഓഫീസ് ഫയൽ.

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി : 24.11.2016